26-11-2014 പ്രകാരം 06/2011 മുതൽ ട്രെയിനിംഗ് പീരിയഡ് ഡ്യൂട്ടിയായി പരിഗണിച്ച് Special Rule ഭേദഗതി ചെയ്തിട്ടുണ്ട്. (Special Rule-ൽ ട്രെയിനിംഗ് കാലയളവിൽ സ്റ്റൈപ്പന്റിന് അർഹത എന്ന വ്യവസ്ഥ ഭേദഗതി ചെയ്തിട്ടില്ല). എന്നാൽ എറണാകുളം, തൃശ്ശൂർ, പാലക്കാട് അസിസ്റ്റന്റ് ഡിവിഷണൽ ആഫീസർമാർ ഡി.എ. കുടിശ്ശിക നൽകിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിക്കെതിരെ അന്വേഷണം

244 (T 3066) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഹു. ഭക്ഷ്യ വകുപ്പുമന്ത്രിക്കെതിരെ അഴിമതി സംബന്ധിച്ച് ഇപ്പോൾ ഏതൊക്കെ അന്വേഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും അവയുടെ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അഴിമതി സംബന്ധിച്ച അന്വേഷണങ്ങൾ ഒന്നും തന്നെ നിലവിലില്ല.

ഭൂമി തട്ടിപ്പ് കേസുകൾ

245 (3067) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസുകളിൽ കോട്ടികളുടെ ഇടപാട് നടന്നിട്ടുള്ളതായി സംശയമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ഈ സംശയങ്ങളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിലൂടെ സത്യം പുറത്ത് കൊണ്ടുവരാൻ വിജിലൻസിന് സാധിക്കാതെ പോയത് എന്തുകൊണ്ടായിരുന്നു ;

(സി) സലീംരാജ് ഭൂമി തട്ടിപ്പുകൾ നടത്തിയത് മുഖ്യമന്ത്രിയുടെ ഗൺമാൻ എന്ന നിലയിലുള്ള സ്വാധീനം ഉപയോഗിച്ചുകൊണ്ടായിരുന്നു എന്നറിയാമോ ; മുഖ്യമന്ത്രിയുടെ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം സംബന്ധിച്ച കേസിന്മേലുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ വാചകങ്ങൾ എന്തെല്ലാമായിരുന്നു ; വിധി പകർപ്പ് ഉദ്ധരിച്ച് വിശദീകരിക്കുമോ ;

(ഡി) സി.ബി.ഐ. യുടെ അന്വേഷണത്തിലൂടെ വിജിലൻസ് കണ്ടെത്താത്ത എന്തെല്ലാം വസ്തുതകൾ പുറത്ത് വന്നിട്ടുണ്ട് ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസ്സുകളിൽ കോടികളുടെ ഇടപാട് നടന്നതായി ആരോപണം ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരവെയാണ് സി.ബി.ഐ. അന്വേഷണത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടത്.

(സി) മുഖ്യമന്ത്രിയുടെ ഗൺമാൻ ആയിരുന്ന സലീം രാജിന് ഭൂമി തട്ടിപ്പ് കേസ്സുകളുമായി ബന്ധമുള്ളതായി ആരോപണം ഉയർന്നിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിൽ 130-ാം പേജിലെ രണ്ട് വാചകങ്ങളിലാണ് മുഖ്യമന്ത്രിയേയും ഓഫീസിനെയും സംബന്ധിച്ചുള്ള വിമർശനം ഉള്ളത്. പ്രസ്തുത പരാമർശം ചുവടെ ചേർത്തിരിക്കുന്നു.

"The above incidents have raised serious questions on the functioning of the Chief Minister's Office which the Chief Minister is answerable to the State. Prima facie evidence of the persence of unscrupulous elements among the personal staff in the Chief Minister's Office and the associated criminal activities in these cases call for the thorough and independent investigation into the crime and the associated activities involving personal staff in the Chief Minister's Office."

(ഡി) കേസ്സുകളിൽ സി.ബി.ഐ. അന്വേഷണം അവസാനഘട്ടത്തിലാണ്.

ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം

246 (3068) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലേയും ഇടപ്പള്ളി പത്തടിപ്പാലത്തേയും ഭൂമി തട്ടിപ്പ് കേസ്സുകളുടെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തത് കോടതി ഉത്തരവിനെ തുടർന്നായിരുന്നുവോ ;

(ബി) വിധിയിൽ മുഖ്യമന്ത്രിയേയും ഓഫീസിനേയും കുറിച്ച് നടത്തിയ വിമർശനങ്ങൾ എന്തായിരുന്നു ; വിധിപകർപ്പ് ഉദ്ധരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly